## തിരുവനന്തപുരം വനം വകുപ്പ് ആസ്ഥാനത്തെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്

പുറപ്പെടുവിക്കുന്നത് : ദിലീപ്കുമാർ.റ്റി.ഐ

വിഷയം :- വനം വകുപ്പ് - ജീവനക്കാര്യം - അറ്റൻഡർ ഗ്രേഡ്-I തസ്തികയിലേയ്ക്ക് റേഷ്യോ പ്രൊമോഷൻ അനുവദിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ് - സംബന്ധിച്ച്.

സൂചന :-
1. സർക്കാർ ഉത്തരവ് (പി) നമ്പർ.7/2016/ധന തീയതി: 20.01.2016
2. ഈ ഓഫീസിലെ 19.02.2020-ലെ ഇ2-291/2020 ഉത്തരവ്.
3. വനം വകുപ്പിലെ അറ്റൻഡർമാരുടെ 01.06.2018 തീയതി പ്രാബല്യത്തിലുള്ള സീനിയോറിറ്റി ലിസ്റ്റ്.

**ഉത്തരവ് നമ്പർ ഇ2 -291/2020 തീയതി: 21-01-2021**

വനം വകുപ്പിൽ അനുവദിക്കപ്പെട്ടിട്ടുള്ള 18 അറ്റൻഡർ തസ്തികകളിൽ ഗ്രേഡ്-II, ഗ്രേഡ്-I തസ്തികകൾ തമ്മിലുള്ള അനുപാതം 2:1 ആണ്. അത് പ്രകാരം വനം വകുപ്പിൽ 12 ഗ്രേഡ്-II അറ്റൻഡർമാരും 6 ഗ്രേഡ്-I അറ്റൻഡർമാരുമാണുള്ളത്. അറ്റൻഡർമാരുടെ സൂചന (3) പ്രകാരമുള്ള 01.06.2018 തീയതി പ്രാബല്യത്തിലുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീ.വിജു.ആർ വരെയുള്ളവർക്ക് അറ്റൻഡർ ഗ്രേഡ്-I തസ്തികയിലേയ്ക്ക് സൂചന (2) പ്രകാരം റേഷ്യോ പ്രൊമോഷൻ അനുവദിച്ചിട്ടുണ്ട്. ടി സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടവരും അറ്റൻഡർ ഗ്രേഡ്-I തസ്തികകളിലേയ്ക്ക് റേഷ്യോ പ്രൊമോഷൻ ലഭിച്ചവരുമായ ചുവടെ പറയുന്നവർ തസ്തികമാറ്റം വഴി ക്ലർക്കായി ഉദ്യോഗക്കയറ്റം ലഭിച്ചതിനെ തുടർന്ന് അറ്റൻഡർ തസ്തികയിൽ നിന്നും വിടുതൽ ആയിട്ടുണ്ട്.

| ക്രമ നമ്പർ | പേര് | അറ്റൻഡർ തസ്തികയിൽ നിന്നും വിടുതൽ ചെയ്ത തീയതി |
|---|---|---|
| 1 | ശ്രീമതി.ലതിക.കെ.എസ് | 02.11.2020 |
| 2 | ശ്രീ.രമാകാന്തൻ.ജി | 07.01.2021 |

മേൽ പറഞ്ഞ സാഹചര്യത്തിൽ അറ്റൻഡർ ഗ്രേഡ്- I തസ്തികയിൽ യഥാക്രമം 03.11.2020, 08.01.2021 എന്നീ തീയതികളിൽ രണ്ട് ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. സൂചന (3) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള 01.06.2018 തീയതി പ്രാബല്യത്തിലുള്ള സീനിയോറിറ്റി ലിസ്റ്റിലെ ചുവടെ പറയുന്ന ഗ്രേഡ്- II അറ്റൻഡർമാർക്ക് ഗ്രേഡ്-I ആയി റേഷ്യോ പ്രൊമോഷൻ ലഭിക്കുന്നതിന് അർഹതയുണ്ട്. അതിനാൽ ടി ജീവനക്കാർക്ക് 17500-39500 ശമ്പള സ്കെയിലിൽ അറ്റൻഡർ ഗ്രേഡ്- I ആയി ചുവടെ പറയും പ്രകാരം റേഷ്യോ പ്രൊമോഷൻ നൽകി അവർ ഇപ്പോൾ ജോലി നോക്കുന്ന ഓഫീസുകളിലെ

അറ്റൻഡർ ഗ്രേഡ്- II തസ്തിക അറ്റൻഡർ ഗ്രേഡ്-I തസ്തികയായി ഉയർത്തി അതേ ഓഫീസിൽ തന്നെ തുടരുവാൻ അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, അറ്റൻഡർമാരുടെ 01-06-2018 തീയതി പ്രാബല്യത്തിലുള്ള സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നമ്പർ | പ്രാബല്യ തീയതി | നിലവിൽ ജോലി നോക്കുന്ന ഓഫീസ് |
|---|---|---|---|
| 1 | ശ്രീമതി.സുനിത.S.V (10) | 03.11.2020 | O/o.എ.സി.എഫ്, സോഷ്യൽ ഫോറസ്ട്രി, ആലപ്പുഴ. |
| 2 | ശ്രീ.സജു.ആർ (11) | 08.01.2021 | O/o. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) |

ഈ ഉത്തരവ് പ്രകാരം റേഷ്യോ പ്രൊമോഷൻ ലഭിക്കുന്നവർക്ക് മേൽ വിവരിച്ച ശമ്പള സ്കെയിലിൽ സമയബന്ധിത ഹയർഗ്രേഡ് ലഭിച്ചിട്ടുണ്ടെങ്കിൽ അവർക്ക് കെ.എസ്.ആർ ചട്ടം 28എ പ്രകാരമുള്ള ശമ്പള നിർണ്ണയത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:

1. ജീവനക്കാർക്ക് മേലധികാരി മുഖേന നൽകുന്നു.
2. സി.സി.എഫ്(ഐ.റ്റി)-യ്ക്ക് വനം വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി നൽകുന്നു.
3. എച്ച്-സെക്ഷന് തുടർനടപടികൾക്കായി നൽകുന്നു.
4. ACF, സോഷ്യൽ ഫോറസ്ട്രി, ആലപ്പുഴക്ക് തുടർനടപടികൾക്കായി നൽകുന്നു.